**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3710** **26-10-2021 - ൽ മറുപടിയ്ക്ക്**

**പേപ്പട്ടി വൈറസ് ബാധ തടയുന്നതിനുള്ള സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പേപ്പട്ടികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ; | (എ) | തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് 2001 ലെ കേന്ദ്ര നിയമമായ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം പ്രകാരം അവയെ വന്ധീകരിയ്ക്കുകയാണ് സംസ്ഥാനത്ത് ചെയ്യുന്നത്. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ABC പ്രോഗ്രാം നടപ്പിലാക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിക്കു വേണ്ട അടിസ്ഥാന സൗകര്യം നൽകി വരുന്നത് മൃഗസംരക്ഷണ വകുപ്പാണ്. 05/05/2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ G.O.(Rt) 1450/2017/LSGD നമ്പർ ഉത്തരവ് പ്രകാരം 2017 മുതൽ കുടുംബശ്രീയാണ് ABC പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി പ്രവർത്തിച്ചുവന്നിരുന്നത്. ഹൈക്കോടതിയിൽ നിലവിലുള്ള WP(C) No.13204/2021 കേസിലെ 19/07/2021 ലെ ഇടക്കാല വിധി പ്രകാരം കുടുംബശ്രീയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക കൈമാറുന്നത് താല്ക്കാലികമായി തടഞ്ഞിരിക്കുകയാണ്. ഈ വിഷയത്തിൽ കോടതിയുടെ തുടർ നിർദ്ദേശങ്ങൾക്കു വിധേയമായി മാത്രമേ ഈ പദ്ധതി തുടരാൻ കഴിയുകയുള്ളൂ. |
| (ബി) | പേപ്പട്ടി വൈറസ് ബാധ തടയുന്നതിന് കുറ്റ്യാടി മണ്ഡലത്തിലെ വെറ്ററിനറി ക്ലിനിക്കുകളിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വിശദമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ കോർപ്പറേഷൻ ഒഴികെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെയും തെരുവുനായ നിയന്ത്രണത്തിന്റെ ഭാഗമായിട്ടുള്ള അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത് കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലാണ്. 2015-ൽ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കുന്നുമ്മൽ, വടകര, കൊയിലാണ്ടി, പേരാമ്പ്ര, ബാലുശ്ശേരി എന്നീ കേന്ദ്രങ്ങളിൽ അനിമൽ ബർത്ത് കൺട്രോൾ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും നടത്തിപ്പിലെ അപാകതകൾ മൂലവും പൊതുജനങ്ങളുടെ എതിർപ്പ് മൂലവും നിർത്തി |

| | | | |
|---|---|---|---|
| | | | വയ്ക്കേണ്ടി വന്നു. നിലവിൽ ജില്ലാ പഞ്ചായത്ത് ബാലുശ്ശേരിയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയതും അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യ നിഷ്കർഷിച്ചിട്ടുള്ള രീതിയിലുള്ളതുമായ SOP(standard operation procedure) പാലിക്കുന്നതുമായ എബിസി സെന്ററിന്റെ നിർമ്മാണം അവസാനഘട്ടത്തിൽ എത്തി നിൽക്കുകയാണ്. ഈ സെന്ററിന്റെ പ്രവർത്തനങ്ങൾ രണ്ടു മാസത്തിനുള്ളിൽ തുടങ്ങുന്ന മുറയ്ക്ക് കുറ്റ്യാടി നിയോജകമണ്ഡലത്തിലെ തെരുവുനായ്ക്കളുടെ വന്ധ്യംകരണ പരിപാടികൾ ആരംഭിയ്ക്കുന്നതാണ്. പേവിഷബാധ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വളർത്തുനായ്ക്കൾക്ക് പേവിഷബാധ രോഗം വരാതിരിയ്ക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് മൃഗസംരക്ഷണ വകുപ്പാണ്. നിയോജകമണ്ഡലത്തിലെ ഏകദേശം 60% വളർത്തുനായ്ക്കൾക്ക് പേവിഷബാധ പ്രതിരോധ കുത്തിവെയ്പ് എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ